നം.ഇ.എക്സ്/എച്ച്4/10532/2017/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി: 25/09/2017

# വിജ്ഞാപനം

**വിഷയം :- ട്രെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സ് (പ്രൈവറ്റ്) പരീക്ഷ നവംബർ - 2017.**

**സൂചന :-**
1. **ഗവ. ഉത്തരവ് നമ്പർ. ജി.ഒ (ആർ.റ്റി)4010/98 പൊതുവിദ്യാഭ്യാസം, തീയതി.: 17/10/1998.**
2. **ജി.ഒ (എം.എസ്) 413/05 പൊതു.വി.തീയതി : 16/11/2005.**
3. **ഗവ. ഉത്തരവ് നം. (സാധാ) 3280/2013 പൊ.വി. തീയതി : 05/05/2013.**
4. **സർക്കാർ കത്ത് നം. 64443/ഡി3/2014/പൊ.വി. തീയതി : 16/01/2015.**
5. **സർക്കാർ കത്ത് നം. 12/ഡി3//2017/പൊ.വി. തീയതി : 09/03/2017**

മേൽ സൂചന ഉത്തരവ് ഒന്നും രണ്ടും പ്രകാരം 2005-2006 അദ്ധ്യായന വർഷം മുതൽ പുതിയ പാഠ്യപദ്ധതി അനുസരിച്ച് തുടർന്ന് വന്നിരുന്ന ട്രെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സ് (ടി.ടി.സി) യുടെ പേര് ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) എന്ന് മാറുകയും അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഘടനയും സ്വഭാവവും പാഠ്യപദ്ധതിയും 2013-14 അദ്ധ്യായനവർഷം മുതൽ പരിഷ്കരിച്ച് സൂചന 3 പ്രകാരം ഉത്തരവ് ഉണ്ടായി. നിലവിലുണ്ടായിരുന്ന ടി.ടി.സി കോഴ്സ് അദ്ധ്യാപക വിദ്യാർത്ഥികൾ 2014 മാർച്ച് മാസം നടത്തിയ പരീക്ഷയോടുകൂടി പഠനം പൂർത്തീകരിച്ചിരുന്നു. എന്നാൽ ഏതാനും വിദ്യാർത്ഥികൾക്ക് ഇപ്പോഴും പഠനം വിജയകരമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഇത്തരത്തിലുള്ള അദ്ധ്യാപക വിദ്യാർത്ഥികൾക്ക് പ്രൈവറ്റായി പരീക്ഷ എഴുതുവാൻ മേൽ സൂചന 5 കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി.ടി.സി അദ്ധ്യാപകവിദ്യാർത്ഥികൾക്ക് പ്രൈവറ്റ് പരീക്ഷ **നവംബർ മാസം 20 ന് ആരംഭിച്ച് 25-ാം തീയതി അവസാനിക്കുന്നതായിരിക്കും.**

## വിഭാഗം - എ

### I. പുതിയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

1. 16/11/2005 ലെ ജി.ഒ.എം.എസ് 413/05.പൊ.വി. പ്രകാരം 2005-2006 അദ്ധ്യായന വർഷം മുതൽ പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ട്രെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സിനെ ആധാരമാക്കിയാണ് പരീക്ഷ നടത്തുന്നത്.
2. ഇതിൽ 3 പാർട്ടുകളായാണ് മൂല്യനിർണ്ണയം നടത്തപ്പെടുന്നത്.
3. പാർട്ട് ഒന്നിൽ 2 പേപ്പറുകളും, പാർട്ട് രണ്ടിൽ 6 പേപ്പറുകളും ആണ് എഴുത്തു പരീക്ഷയ്ക്കുള്ളത്. ഓരോ പേപ്പറിനും ആകെ സ്കോർ 100 വീതം ആയിരിക്കും.
4. പാർട്ട് ഒന്ന്, രണ്ട് എന്നിവയിലെ 8 പേപ്പറുകളിലും ഒന്നാംവർഷവും, രണ്ടാംവർഷവും തുടർമൂല്യനിർണ്ണയമുണ്ട്. രണ്ടുവർഷത്തെയും സ്കോറിന്റെ ശരാശരിയുടെ ശതമാനം എടുത്താണ് ഓരോ പേപ്പറിനുമുള്ള തുടർമൂല്യനിർണ്ണയത്തിന്റെ ഗ്രേഡ് നിശ്ചയിക്കുന്നത്.

5. ഇത് അനുസരിച്ച് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് എല്ലാ പാർട്ടുകളിലെയും എല്ലാ പേപ്പറുകൾക്കും കുറഞ്ഞത് $C^+$ ഗ്രേഡ് എങ്കിലും ലഭിച്ചാൽ മാത്രമേ അദ്ധ്യാപന യോഗ്യത നേടിയതായി പ്രഖ്യാപിക്കപ്പെടുകയുള്ളൂ.

## II. പരീക്ഷയുടെ വിഷയങ്ങൾ, സമയം, സ്കോർ, ഗ്രേഡിംഗ് എന്നിവ താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും.

**പാർട്ട് - I എഴുത്തു പരീക്ഷ - ഒന്നാം വർഷം**

| പേപ്പർ | വിഷയം | പരീക്ഷാസമയം | ആകെ സ്കോർ |
|---|---|---|---|
| പേപ്പർ I | വിദ്യാഭ്യാസത്തിന്റെ മന:ശാസ്ത്രപരമായ അടിത്തറ | $2^1/_2$ മണിക്കൂർ | 100 |
| പേപ്പർ II | വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ, വിദ്യാലയ സംവിധാനവും മാനേജ്മെന്റും | $2^1/_2$ മണിക്കൂർ | 100 |

**പാർട്ട് - II എഴുത്തു പരീക്ഷ - രണ്ടാം വർഷം**

| പേപ്പർ | വിഷയം | പരീക്ഷാ സമയം | ആകെ സ്കോർ |
|---|---|---|---|
| പേപ്പർ III | മാതൃഭാഷാ പഠനം - സമീപനവും പ്രയോഗവും | $2^1/_2$ മണിക്കൂർ | 100 |
| പേപ്പർ IV | ഇംഗ്ലീഷ് ഭാഷാപഠനം - സമീപനവും പ്രയോഗവും | $2^1/_2$ മണിക്കൂർ | 100 |
| പേപ്പർ V | ഗണിതശാസ്ത്രപഠനം - സമീപനവും പ്രയോഗവും | $2^1/_2$ മണിക്കൂർ | 100 |
| പേപ്പർ VI | ശാസ്ത്രപഠനം - സമീപനവും പ്രയോഗവും | $2^1/_2$ മണിക്കൂർ | 100 |
| പേപ്പർ VII | സാമൂഹ്യശാസ്ത്രപഠനം - സമീപനവും പ്രയോഗവും | $2^1/_2$ മണിക്കൂർ | 100 |
| പേപ്പർ VIII | കലാപഠനം, ആരോഗ്യകായിക പഠനം, പ്രവൃത്തി പരിചയപഠനം, ഐ.ടി പഠനം - സമീപനവും പ്രയോഗവും | $2^1/_2$ മണിക്കൂർ | 100 |

## പാർട്ട് - III തുടർമൂല്യനിർണ്ണയം

പഠനകാലയളവിൽ ഒന്നും രണ്ടും വർഷ പ്രാക്ടിക്കൽ പരീക്ഷയിൽ ഹാജരാകാതിരുന്നതും വിജയിക്കാതിരുന്നതുമായ അദ്ധ്യാപകവിദ്യാർത്ഥികൾക്ക് നിലവിലുള്ള ഡി.എഡ് കോഴ്സ് ജില്ലാതല പ്രാക്ട്രിക്കൽ ബോർഡ് മുൻപാകെ ഹാജരായി പരീക്ഷ എഴുതാവുന്നതാണ്. ജില്ലാതല പ്രാക്ട്രിക്കൽ പരീക്ഷ നടത്തുന്ന തീയതി മുതലായ വിവരങ്ങൾ അറിയുന്നതിന് ജില്ലയിലെ ഡയറ്റ് പ്രിൻസിപ്പൽമാരെ ബന്ധപ്പെടേണ്ടതാണ്. പാർട്ട് ഒന്ന്, രണ്ട് എന്നിവയിലെ 8 പേപ്പറുകൾക്കും ഒന്നാം വർഷവും രണ്ടാം വർഷവും തുടർ മൂല്യനിർണയമുണ്ടായിരിക്കും. രണ്ടുവർഷവും ലഭിക്കുന്ന സ്കോറിന്റെ ശരാശരിയുടെ ശതമാനത്തെ അടിസ്ഥാനമാക്കി തുടർമൂല്യനിർണയത്തിന്റെ ഗ്രേഡ് നിശ്ചയിക്കുന്നതാണ്.

| ക്രമനമ്പർ | വിഷയം | ആകെ സ്കോർ |
|---|---|---|
| 1 | വിദ്യാഭ്യാസത്തിന്റെ മന:ശാസ്ത്രപരമായ അടിത്തറ | 35 |
| 2 | വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ, വിദ്യാലയ സംവിധാനവും മാനേജ്മെന്റും | 35 |
| 3 | മാതൃഭാഷാ പഠനം - സമീപനവും പ്രയോഗവും | 35 |
| 4 | ഇംഗ്ലീഷ് ഭാഷാപഠനം - സമീപനവും പ്രയോഗവും | 35 |
| 5 | ഗണിതശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| 6 | ശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| 7 | സാമൂഹ്യശാസ്ത്രപഠനം - സമീപനവും പ്രയോഗവും | 35 |
| 8 | കലാപഠനം - സമീപനവും പ്രയോഗവും | 35 |
| 9 | ആരോഗ്യ - കായിക പഠനം - സമീപനവും പ്രയോഗവും | 35 |
| 10 | പ്രവൃത്തി പരിചയ പഠനം - സമീപനവും പ്രയോഗവും | 35 |
| 11 | ഐ.ടി പഠനം - സമീപനവും പ്രയോഗവും | 35 |

### ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | സ്കോർ പരിധി |
|---|---|
| $A^+$ | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| $B^+$ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| $C^+$ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| $D^+$ | 40 ശതമാനത്തിന് താഴെ |

**വിജയിക്കുന്നതിനായി പാർട്ട് 1, പാർട്ട് 2 എന്നിവയിലെ എല്ലാ പേപ്പറുകൾക്കും തുടർമൂല്യ നിർണ്ണയത്തിനും എഴുത്തുപരീക്ഷയ്ക്കും കുറഞ്ഞത് C+ Grade (50%) എങ്കിലും നേടിയിരിക്കേണ്ടതാണ്. പ്രാക്ടിക്കൽ ബോർഡിന് മുന്നിൽ ഇതുവരെയും ഹാജരാകാൻ കഴിയാത്ത അധ്യാപക വിദ്യാർത്ഥികൾക്ക് നിശ്ചിത ഫീസ് ഒടുക്കി 2017 ഒക്ടോബർ 30 ന് ആരംഭിക്കുന്ന ഡി.എഡ് പ്രാക്ടിക്കൽ ബോർഡ് കമ്മിഷനു മുന്നിൽ ഹാജരാകാവുന്നതാണ്.**

## III. പരീക്ഷയ്ക്ക് ചേരുവാനുള്ള യോഗ്യതകൾ

2005-06 അദ്ധ്യായന വർഷം മുതൽ ആരംഭിച്ച പുതിയ പാഠ്യപദ്ധതിയിൽ ടി.ടിസി കോഴ്സ് പൂർത്തീകരിച്ച **(2006 മുതൽ ഒന്നാം വർഷത്തെ എതെങ്കിലും വിഷയങ്ങളിലും 2007 മുതലുള്ള 2-ാം വർഷത്തെ ഏതെങ്കിലും വിഷയങ്ങളിലും** പരാജയപ്പെട്ട) അദ്ധ്യാപക വിദ്യാർത്ഥികൾക്ക് പ്രൈവറ്റായി പരീക്ഷയ്ക്ക് ചേരാവുന്നതാണ്. പഠനകാലയള വിൽ ഇവർ നിശ്ചിതശതമാനം ഹാജർ നേടിയിരിക്കേണ്ടതാണ്.

**<u>പരീക്ഷയുടെ സമയവിവരപ്പട്ടിക താഴെ ചേർക്കുന്നു</u>**

### A) TTC - SECOND YEAR

| Date | Day | Time | Subject |
|---|---|---|---|
| 20.11.2017 | Monday | 9.45 am to 12.30 pm | Paper VIII - Learning of Art, Health and Physical Education, Work Experience, Information Technology - Approach and Practice |
| 21.11.2017 | Tuesday | 9.45 am to 12.30 pm | Paper VII - Learning of Social Science - Approach and Practice |
| 22.11.2017 | Wednesday | 9.45 am to 12.30 pm | Paper VI - Learning of General Science - Approach and Practice |
| 23.11.2017 | Thursday | 9.45 am to 12.30 pm | Paper V - Learning of Mathematics - Approach and Practice |
| 24.11.2017 | Friday | 9.45 am to 12.30 pm | Paper IV - Learning of English Language - Approach and Practice |
| 25.11.2017 | Saturday | 9.45 am to 12.30 pm | Paper III - Learning of Mother Tongue - Approach and Practice |

### B) TTC FIRST YEAR

| Date | Day | Time | Subject |
|---|---|---|---|
| 20.11.2017 | Monday | 1.45 pm to 4.30 pm | Paper II - Theoretical, Social and Historical Basis of Education -Direction and Management of Educational Institution |
| 23.11.2017 | Thursday | 1.45 pm to 4.30 pm | Paper I - Psychological Basis of Education |

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാകമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കാൻ പാടില്ല.
3. പരീക്ഷാ സമയവിവരപ്പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപ്പട്ടിക കർശനമായി പാലിക്കേണ്ടതാണ്.
4. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിട്ട് ആശ്വാസ സമയമായിരിക്കും. (Cooloff time) ഈ സമയത്ത് യാതൊരു കാരണവശാലും കുട്ടികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതാൻ പാടില്ല. ഇങ്ങനെ ചെയ്താൽ പരീക്ഷാക്രമക്കേടായി പരിഗണിക്കുന്നതാണ്.

## വിഭാഗം - ബി

**പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം:-**

പരീക്ഷാർത്ഥികൾ ഈ വിജ്ഞാപനത്തിലെ "അനുബന്ധം എ" ആയി കൊടുത്തിട്ടുള്ള മാതൃകയിൽ **2017 ഒക്ടോബർ 13 -ാം തീയതി 4 മണിക്ക്** മുമ്പ് അപേക്ഷ നിശ്ചിത ഫീസ് സഹിതം ബന്ധപ്പെട്ട ടി.ടി.ഐ പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതാണ്.

- പരീക്ഷാർത്ഥി ഒന്നും രണ്ടും വർഷ പരീക്ഷകൾ ഒരുമിച്ചെഴുതുന്നുണ്ടെങ്കിൽ ഓരോ വർഷത്തിനും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഏത് ടി.ടി.ഐയിലാണോ പഠനം പൂർത്തിയാക്കിയത് ആ ടി.ടി.ഐ.യിലായിരിക്കണം അപേക്ഷയോടൊപ്പം ഫീസും സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടത്.
- എന്നാൽ ഇപ്പോൾ പ്രവർത്തനമില്ലാത്ത ടി.ടി.ഐ കളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട ഡി.ഇ.ഒ യുടെ അറിവോടെ തൊട്ടടുത്ത ഗവ./എയ്ഡഡ്/ടി.ടി.ഐ പ്രിൻസിപ്പലിന് പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- കമ്പ്യൂട്ടറൈസ്ഡ് മാർക്കുലിസ്റ്റുകൾ ടി.ടി.ഐകളിൽ അപേക്ഷയോടൊപ്പം നൽകേണ്ടതില്ല.
- പരീക്ഷാകേന്ദ്രത്തിൽ അപേക്ഷയോ, ഫീസോ, സർട്ടിഫിക്കറ്റോ ശേഖരിക്കേണ്ടതില്ല.

## IV പരീക്ഷാകേന്ദ്രങ്ങൾ:-

ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒരു പരീക്ഷാകേന്ദ്രം മാത്രമാണ് ഉണ്ടായിരിക്കുന്നത്. പരീക്ഷാകേന്ദ്രങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം അവസാനമായി ചേർത്തിരിക്കുന്നു. ഈ സ്കൂളുകളിലെ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാരായിരിക്കും പരീക്ഷാകേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ട്.

## V ഫീസ് നിരക്കുകൾ:-

### a) പരീക്ഷാഫീസ്:-

പരീക്ഷയ്ക്കുള്ള ഫീസ് നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു. ശേഖരിക്കുന്ന ഫീസ് നിശ്ചിത ദിവസങ്ങളിൽ **"0202-01-102-99 Examination Fees"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1. | ഫുൾ കോഴ്സ് I[st] and II[nd] Year (തിയറി & പ്രാക്ടിക്കൽ) | 150 രൂ. |
| 2. | ഫുൾകോഴ്സ് I[st] Year (തിയറി & പ്രാക്ടിക്കൽ) | 50 രൂ. |
| 3. | ഫുൾകോഴ്സ് 2[nd] Year (തിയറി & പ്രാക്ടിക്കൽ) | 100 രൂ. |
| 4. | ഒരു പേപ്പർ | 15 രൂ. |
| 5. | പ്രാക്ടിക്കൽ | 20 രൂ. |
| 6. | ഫൈൻ | 10 രൂ. |

- വിജ്ഞാപനപ്രകാരമുള്ള ഫീസ് പരീക്ഷാർത്ഥികളിൽ നിന്ന് ടി.ടി.ഐ പ്രിൻസിപ്പൽമാർ ശേഖരിച്ച് നിശ്ചയിച്ചിട്ടുള്ള തീയതികൾക്ക് മുമ്പ് ബന്ധപ്പെട്ട ട്രഷറികളിൽ ഒടുക്കേണ്ടതാണ്.
- ഒരിക്കൽ ഒടുക്കിയ ഫീസ് മടക്കി നൽകുകയോ വരും വർഷങ്ങളിലേയ്ക്കുള്ള പരീക്ഷാ ഫീസായി കണക്കാക്കുകയോ ചെയ്യുന്നതല്ല.
- പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷയോ ഫീസോ പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.
- പട്ടികജാതി പട്ടികവർഗ്ഗ, ഒ.ഇ.സി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പരീക്ഷാർത്ഥികൾക്ക് ആദ്യ രണ്ടു ചാൻസുകൾക്ക് ഫീസടക്കേണ്ടിയിരുന്നില്ല. ഇങ്ങനെയുള്ള വിദ്യാർത്ഥികൾ രണ്ടാമത്തെ ചാൻസിനായി ആദ്യ ചാൻസിനുശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷിക്കുകയാണെങ്കിൽ ഫീസടക്കേണ്ടതില്ല.

### b) സർട്ടിഫിക്കറ്റിനുള്ള ഫീസ്:-

എല്ലാ വിഭാഗം വിദ്യാർത്ഥികളും 50/- രൂപ സർട്ടിഫിക്കറ്റിനുള്ള ഫീസ് ആയി ഒടുക്കേണ്ടതാണ്. പ്രിൻസിപ്പൽമാർ ഫീസ് നിശ്ചിത തീയതിയിൽ തന്നെ **0202-01-102-92 other receipt** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

## VII കാൻഡിഡേറ്റ് ലിസ്റ്റ് തയ്യാറാക്കുന്ന വിധം:-

ടി.ടി.ഐ പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളുടെ ലിസ്റ്റ് **ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകമായി** തയ്യാറാക്കി നിശ്ചിത തീയതിക്കുള്ളിൽ പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്. വിഭാഗങ്ങൾ ഏതൊക്കെ എന്ന് താഴെക്കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| Candidate list - 1 | First Year TTC Examination- (2013, 2012, 2011, 2010,2009, 2008, 2007,2006) | Private Candidates |
| Candidate list - 2 | Second Year TTC Examination- (2014,2013,2012,2011,2010,2009,2008,2007) | Private Candidates |

കാൻഡിഡേറ്റ് ലിസ്റ്റ് പൂർണ്ണമായും അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾക്കനുസരിച്ചായിരിക്കണം തയ്യാറാക്കേണ്ടത്. ലിസ്റ്റ് തയ്യാറാക്കുമ്പോൾ കുട്ടികളുടെ പേര് SSLC യിലേതുപോലെ തന്നെയാണെന്ന് പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ഓരോ വിഭാഗം പരീക്ഷാർത്ഥികളേയും പ്രസ്തുത ലിസ്റ്റിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

കാൻഡിഡേറ്റ് ലിസ്റ്റിൽ ഓരോ വിഭാഗത്തിലും ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ ആദ്യം പെൺകുട്ടികളുടെ പേരു വിവരങ്ങളും പിന്നീട് ആൺകുട്ടികളുടെ പേരു വിവരങ്ങളും എഴുതേണ്ടതാണ്. ഇനിഷ്യൽ പേരിന് പിന്നിൽ ചേർക്കേണ്ടതാണ്.

പ്രൈവറ്റ് വിദ്യാർത്ഥികളുടെ വിവരങ്ങൾ കാൻഡിഡേറ്റ് ലിസ്റ്റിൽ തയ്യാറാക്കുമ്പോൾ അവർ **മുമ്പ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളിലെയും** രജിസ്റ്റർ നമ്പരും വർഷവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

- പ്രിൻസിപ്പൽമാർ ക്യാൻഡിഡേറ്റ് ലിസ്റ്റും, ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റുയും മാതൃക (ടി.ടി.ഐ & സെന്റർ ലിസ്റ്റും) പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ (www.keralapareekshabhavan.in) നിന്നും download ചെയ്ത് എടുത്തതിനുശേഷം ലിസ്റ്റ് തയ്യാറാക്കി ലിസ്റ്റും, ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റും, **സൂപ്രണ്ട് എച്ച് സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12 എന്ന വിലാസത്തിൽ 21/10/2017 ന് മുമ്പ് അയച്ചുതരേണ്ടതാണ്.**
- ടി.ടി.ഐ പ്രിൻസിപ്പൽമാർ സമർപ്പിക്കുന്ന കാൻഡിഡേറ്റ് ലിസ്റ്റ് ഫീസൊടുക്കിയ ചെല്ലാനുമായി ഒത്തുനോക്കി ചീഫ് സൂപ്രണ്ടുമാർ ലിസ്റ്റിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
- ഒന്നും രണ്ടും വർഷ കോഴ്സുകൾ വ്യത്യസ്ത ടി.ടി,ഐകളിലാണ് പഠിച്ചിരുന്നത് എങ്കിൽ പ്രസ്തുത വിവരം കാൻഡിഡേറ്റ് ലിസ്റ്റ് റിമാർക്സ് കോളത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
- ചീഫ് സൂപ്രണ്ടുമാർ/ടി.ടി.ഐ/ഡയറ്റ് പ്രിൻസിപ്പൽമാർ കാൻഡിഡേറ്റ് ലിസ്റ്റും അനുബന്ധ ഫോമുകളും ഒപ്പിട്ട് നിശ്ചിത തീയതിക്ക് മുമ്പായി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

## VIII സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളും തീയതികളും

| | | |
|---|---|---|
| 1 | പരീക്ഷാഫീസ് TTI കളിൽ സ്വീകരിക്കേണ്ട തീയതികൾ | **03.10.2017-10.10.2017** |
| 2 | ലഭിച്ച ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | **11.10.2017** |
| 3 | ഫൈനോടുകൂടി ടി.ടി.ഐകളിൽ ഫീസ് സ്വീകരിക്കേണ്ട തീയതികൾ | **11.10.2017-13.10.2017** |
| 4 | ഫൈനോടുകൂടിയുള്ള പരീക്ഷാഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | **16.10.2017** |
| 5 | സർട്ടിഫിക്കറ്റിനുള്ള ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | **16.10.2017** |
| 6 | ക്യാൻഡിഡേറ്റ് ലിസ്റ്റും, ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റും പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ട തീയതി | **21.10.2017** |
| 7 | TTI/ DIET പ്രിൻസിപ്പൽമാർ A & B list പരീക്ഷാഭവൻ സെവെബ്സൈറ്റിൽ നിന്നും download ചെയ്ത് ബന്ധപ്പെട്ട പരീക്ഷാസെന്ററിൽ സമർപ്പിക്കേണ്ട അവസാന തീയതി | **6.11.2017** |

## IX CWSN പരീക്ഷാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ഈ ആനുകൂല്യം ലഭിക്കേണ്ട പരീക്ഷാർത്ഥികളുടെ അപേക്ഷകൾ ഡയറ്റ് / ടി.ടി.ഐ പ്രിൻസിപ്പൽമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലെ ഐ ഇ ഡി വിഭാഗം ഡപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്ത് യഥാസമയം ഉത്തരവ് വാങ്ങേണ്ടതാണ്. പ്രസ്തുത ഉത്തരവ് പകർപ്പും പരീക്ഷാസെന്ററിൽ നൽകേണ്ടതാണ്.

## X പരീക്ഷാർത്ഥിത്വം റദ്ദാക്കൽ:-

ആരുടെയെങ്കിലും പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അനുബന്ധം - ബി ആയി നൽകിയിരിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ 30/10/2017-ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്. അയയ്ക്കുന്ന കവറിനു മുകളിൽ "ടി.ടി.സി പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷ" എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.

## XI അഡ്മിഷൻ ടിക്കറ്റ്:-

പരീക്ഷ തുടങ്ങുന്നതിന് 5 ദിവസം മുമ്പ് പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും **download** ചെയ്യാവുന്നതാണ്.

## XII പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ട്:-

ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും ആവശ്യമായ തുക താല്ക്കാലികമായി പിൻവലിച്ചാണ് ടി.ടി.സി പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീകൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും 10-04-2012 ലെ ജി.ഒ (എം.എസ്) 112/12 പൊ.വി.വ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## XIII പരീക്ഷാക്രമക്കേടുകൾ:-

പരീക്ഷാർത്ഥികൾ, എഴുതിയതോ പ്രിന്റു ചെയ്തതോ ആയ പേപ്പറുകളുമായി പരീക്ഷാഹാളിൽ പ്രവേശിക്കുവാൻ പാടില്ല. മറ്റു വിദ്യാർത്ഥികളുടെ പേപ്പർ നോക്കി എഴുതുന്നതും മറ്റു വിദ്യാർത്ഥികൾക്ക് കണ്ട് എഴുതുവാൻ അവസരം നൽകുന്നതും ഹാളിൽ മറ്റു വിദ്യാർത്ഥികളോട് സംസാരിക്കുന്നതും പരീക്ഷാ ക്രമക്കേടായി പരിഗണിക്കുന്നതാണ്. പരീക്ഷാപേപ്പറിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രമേ രജിസ്റ്റർ നമ്പർ എഴുതാവൂ. രജിസ്റ്റർ നമ്പർ ഒഴികെ വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിനായി പേരോ മറ്റെന്തെങ്കിലും വിവരമോ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുവാൻ പാടില്ല. പരീക്ഷാഹാളിൽ സെൽഫോൺ അനുവദിക്കുന്നതല്ല. പരീക്ഷാഹാളിൽ പരീക്ഷാക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ അധികാരികൾ തുടർന്നെടുക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ചു കൊള്ളാമെന്ന നിബന്ധന ഒപ്പിട്ടു നൽകിയാൽ മാത്രമേ തുടർന്ന് പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ.

## XIV സർട്ടിഫിക്കറ്റ് വിതരണം:-

പരീക്ഷാഫലം പ്രഖ്യാപിച്ചതിനുശേഷം സർട്ടിഫിക്കറ്റുകൾ വിതരണത്തിനായി ടി.ടി.ഐ. കളിൽ എത്തിക്കുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം പ്രിൻസിപ്പൽമാർ ഒപ്പിട്ട് സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ, ആയ ടി.ടി.സി കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇങ്ങനെയുള്ളവ പരീക്ഷാഭവനിൽ തിരികെ എത്തിച്ച് തെറ്റു തിരുത്തി വാങ്ങേണ്ടതാണ്.**

3 മാസങ്ങൾക്കുള്ളിൽ പരീക്ഷാർത്ഥി സർട്ടിഫിക്കറ്റ് ഏറ്റു വാങ്ങിയില്ലെങ്കിൽ അവ പരീക്ഷാഭവനിലേയ്ക്ക് "Unclaimed TTC" എന്നു രേഖപ്പെടുത്തിയ കവറിൽ അയച്ചു തരേണ്ടതാണ്. പിന്നീട് "0202-01-102-92- അദർ റസീറ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 100 രൂപ ചെല്ലാൻ അടച്ചാൽ മാത്രമേ അൺക്ലെയ്മ്ഡ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

## XV ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയും പുനർമൂല്യനിർണ്ണയവും

മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന, പുനർമൂല്യ നിർണ്ണയം എന്നിവയ്ക്കുള്ള അപേക്ഷ (അനുബന്ധം D ) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി **അഞ്ചു ദിവസത്തിനകം** അതാത് ടി.ടി.ഐ കളിലെ പ്രിൻസിപ്പൽമാർക്കു നൽകേണ്ടതാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം തന്നെ നൽകേണ്ടതാണ്. പരീക്ഷാഫീസിന് നൽകുന്ന രസീത് ബുക്കിൽ നിന്ന് ഇതിന് രസീത് നൽകേണ്ടതുമാണ്. **അപേക്ഷകളും ഫീസും പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.** ഓരോന്നിനുമുള്ള നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു.

### A) സൂക്ഷ്മപരിശോധന (Scrutiny)

1. പരീക്ഷാർത്ഥികൾ നിശ്ചിത ഫോറത്തിൽ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിക്കാവുന്നതാണ്.
2. പേപ്പർ ഒന്നിന് 25 രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.
3. പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിനിക്ക് പ്രത്യേക അപേക്ഷ ആവശ്യമില്ല.

### B) പുനർമൂല്യനിർണയം

1. ഉത്തരക്കടലാസുകൾ പുനർമൂല്യനിർണയം നടത്തുന്നതിനുള്ള അപേക്ഷയോടൊപ്പം പേപ്പർ ഒന്നിന് 400 രൂപ പണമായി നൽകേണ്ടതാണ്.
2. ഇപ്രകാരം അപേക്ഷകൾ നൽകുന്നവർ അതേ പേപ്പറിന് സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കുന്നതിനുള്ള തീയതി അവസാനിച്ചതിന്റെ അടുത്ത ദിവസം തന്നെ ടി.ടി.ഐ പ്രിൻസിപ്പൽമാർ ലഭിച്ച അപേക്ഷകളുടെയും തുകയുടെയും വിവരങ്ങൾ അടങ്ങിയ ഒരു പ്രത്യേക സ്റ്റേറ്റ്മെന്റ് പരീക്ഷാഭവനിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. (Email ID: cgeasection@gmail.com )

- ➢ പുനർമൂല്യനിർണ്ണയത്തിന്റെ ഫലം പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
- ➢ പുനർമൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുക്കിയ ഗ്രേഡ് ചേർത്ത മാർക്ക് ലിസ്റ്റ് ടി.ടി.ഐ പ്രിൻസിപ്പൽ വഴി വിതരണം ചെയ്യുന്നതാണ്. 23/07/2011 പൊ.വി.വ (ജി) വകുപ്പ ിന്റെ G.O. (Ms) No. 163/2011 ഉത്തരവ് പ്രകാരം ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് പുനർമൂല്യനിർണ്ണയത്തിനായി നൽകിയ ഫീസ് തിരികെ നൽകുന്നതാണ്.

## C) മൂല്യനിർണ്ണയ ഫീസ് ഒടുക്കുന്നത് സംബന്ധിച്ച്

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിനി, ഫോട്ടോകോപ്പി വിതരണം എന്നിവയുടെ ഫീസായി സ്വീകരിക്കുന്ന തുകയിൽ നിന്നും പുനർമൂല്യനിർണ്ണയത്തിന് ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തിരികെ നൽകിയതിനുശേഷമുള്ള തുക 0202-01-102-92 അദർ റെസീപ്റ്റ്സ് എന്ന ശീർഷകത്തിൽ ചെലാൻ പ്രകാരം ഒടുക്കേണ്ടതാണ്.

**പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.**

( ഒപ്പ് )
**പരീക്ഷാ കമ്മീഷണർ**

**അംഗീകാരത്തോടെ**



**സെക്രട്ടറി**

# ANNEXURE - A

## FIRST & SECOND YEAR T.T.C EXAMINATION November - 2017

### APPLICATION FOR REGISTRATION

### Private - First / Second year

| | | | |
|---|---|---|---|
| 1. | Admission No. | | |
| 2. | Name (in block letter) | | |
| 3. | Sex | | |
| 4. | Religion & Caste | | |
| 5. | Date of Birth | | |
| 6. | Address | | |
| 7. | Name of TTI Studied | Ist Year | |
| | | IInd Year | |
| 8. | Medium of Instruction | | |
| 9. | Regional Language Opted | | |
| 10. | Papers for which appearing | Ist Year | |
| | | IInd Year | |
| 11. | Reg. No. and Year of all previous appearances of TTC | Ist Year | |
| | | IInd Year | |
| 12. | Chance no. of current appearance | Ist Year | |
| | | IInd Year | |
| 13. | Details of Fees remitted. | | |

**NB:- Separate application should be submitted for First Year and Second Year Examination .**

**Certified that the above mentioned facts are true.**

**Place :** | **Signature:**

**Date :** | **Name :**

## Annexure- B

## TTC Examination November - 2017

### Application for Cancellation of Candidature

1. Centre No. :
2. Educational District :
3. Name of Candidate :
4. Register No. :
5. Name of TTI :
6. Reason for cancellation :
7. Documents submitted as proof :
8. Whether removed from the roll :
9. If yes, reason for the same and date of removal :
10. Whether participated in the Practical examination :
11. Other details if any :
12. Signature of the Guardian :

The above mentioned statements are true. Hence, the request to cancel the candidature is recommended.

Place:

Date:

**School Seal** **Signature of the Principal**

**Note: - Application should reach the office of the Secretary to the Commissioner for Government Examinations on or before 30/10/2017.**

**ANNEXURE C**

**TTC EXAMINATION NOVEMBER 2017**

**APPLICATION FOR REVALUATION OF ANSWER SCRIPT**

1. Register Number :
2. Name of candidate :
3. Name of TTI in which studied :
4. Name of Education District :
5. Details of papers for which Revaluation is applied may be furnished below

| Sl. No. | Name of Paper<br>(Medium of Subject should be specified) | Grade obtained for the Exam. November 2017 |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

6. Details of fee remitted @ Rs. 400/-(Rupees Four Hundred only) per paper to the concerned Examination Centre.

| Receipt No. | Date | Amount (Rs.) |
|---|---|---|
| | | |

Place :

Date : Signature of Candidate

***Note :***

**The application should be submitted through the TTI Principal concerned and the prescribed fee should be collected by the Principal from the candidate at the time of submission of application for revaluation.**

## ANNEXURE D

## TTC EXAMINATION NOVEMBER 2017

## LIST OF CANDIDATES

## CATEGORY-PRIVATE CANDIDATES (FIRST YEAR)

Educational District :

Revenue District :

Name of TTI :..............................................Institutional Code :......................................

Name of Examination Centre :......................Centre Code :...............................................

| Sl. No. | Admission No. in TTI | Name of Candidates | Previous Appearance | | Chance of Appearance | Medium of Instruction (M/E/T/K) | Papers for which appearing (put "Tick" mark) | | Regional language Opted |
|---|---|---|---|---|---|---|---|---|---|
| | | | Reg. No. | Year | | | I | II | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

**N.B : Paper I - Psychology, Paper II - TSHBE**

Fee Remitted : Amount...................... Chalan No........................Dated..................
Treasury...........................................................................................................

Signature

Head of Examination Centre

Signature

Head of TTI

**ANNEXURE E**

TTC EXAMINATION NOVEMBER 2017

**LIST OF CANDIDATES**

**CATEGORY-PRIVATE CANDIDATES (SECOND YEAR)**

Educational District :

Revenue District :

Name of TTI :..............................................Institutional Code :.......................................

Name of Examination Centre :......................Centre Code :...............................................

| Sl. No. | Admission No. in TTI | Name of Candidates | Previous Appearance | | Chance of Appearance | Medium of Instruction (M/E/T/K) | Papers for which appearing (put "Tick" mark) | | | | | | Regional language Opted |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | Reg. No. | Year | | | III | IV | V | VI | VII | VIII | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |

**N.B : Paper III Regional Language, Paper IV English, Paper V Mathematics, Paper VI General Science, Paper VII Social Science, Paper VIII AE/PE/WE/IT**

Fee Remitted : Amount...................... Chalan No........................Dated..................
Treasury...........................................................................................................

Signature

Head of Examination Centre

Signature

Head of TTI

**ANNEXURE F**

# FIRST & SECOND YEAR T T C EXAMINATION NOVEMBER 2017

## QUESTION PAPER STATEMENT

## NEW CURRICULUM

| | |
|---|---|
| **TTI CODE :** | **NAME OF TTI :** |
| **TTI PHONE NUMBERS :** | |
| **TTI EMAIL ADDRESS :** | **EDUCATIONAL DISTRICT :** |
| **EXAM CENTRE CODE :** | **NAME OF EXAM CENTRE :** |
| **CENTRE PHONE NUMBERS :** | |
| **CENTRE EMAIL ADDRESS :** | **REVENUE DISTRICT :** |

**NEW SCHEME (PRIVATE CANDIDATES)**

| Candidate Type | paper I | | | | Paper II | | | | Paper III | | | | Paper IV | Paper V | | | | Paper VI | | | | Paper VII | | | | Paper VIII | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Psychology | | | | TSHBE | | | | Regional Language | | | | English | Mathematics | | | | General Science | | | | Social Science | | | | AE/WE/PE/IT | | | |
| | Mal | Eng | Tam | Kan | Mal | Eng | Tam | Kan | Mal | Spl Eng | Tam | Kan | English | Mal | Eng | Tam | Kan | Mal | Eng | Tam | Kan | Mal | Eng | Tam | Kan | Mal | Eng | Tam | Kan |
| I Year Private | | | | | | | | | | | | | | | | | | | | | | | | | | | | | |
| II Year Private | | | | | | | | | | | | | | | | | | | | | | | | | | | | | |
| **Total** | | | | | | | | | | | | | | | | | | | | | | | | | | | | | |

**Office Seal** **Name & Signature of the Principal**

***<u>To be returned to</u> : The Superintendent, H Section, Pareekshabhavan, Poojappura, Thiruvananthapuram-12***

# Annexure G
# TTC EXAMINATION CENTRE LIST 2017

| Sl. No. | Educational District | Name of Centre | Centre Code |
|---|---|---|---|
| 1 | Kasaragode | TIHSS Naimarmoola | 11021 |
| 2 | Kanhangad | Rajas HSS Nileshwar | 12025 |
| 3 | Kannur | GVHSS Kannur | 13005 |
| 4 | Taliparamba | Moothedath HSS Taliparamba, Kannur | 13024 |
| 5 | Thalassery | Govt. Brennen HSS Thalassery, Kannur | 14004 |
| 6 | Wayanad | Govt. Sarvajana VHSS Sulthan Bathery, Wayanad | 15053 |
| 7 | Vatakara | BEMHS Vadakara | 16001 |
| 8 | Kozhikkode | Govt. Ganapath Boys HS Chalappuram | 17001 |
| 9 | Thamarassery | Govt. RECHSS Chathamangalam | 47080 |
| 10 | Malappuram | GBHSS Malappuram, Down Hill PO | 18013 |
| 11 | Wandoor | GHSS Areacode | 48001 |
| 12 | Tirur | Govt. Boys HSS Tirur | 19016 |
| 13 | Tirurangadi | GHSS Thirurangadi | 19008 |
| 14 | Ottappalam | GHSS East, Ottappalam | 20035 |
| 15 | Mannarkkad | GVHSS Cherpulassery | 20043 |
| 16 | Palakkad | Govt. Boys HSS Nemmara | 21027 |
| 17 | Thrissur | Govt. Model HSS (Boys) Thrissur | 22056 |
| 18 | Irinjalakkuda | Govt. GHS Chalakkudy | 23010 |
| 19 | Chavakkad | Govt. Model Boys HSS Kunnamkulam, Thrissur | 24011 |
| 20 | Aluva | GHSS Edathala, Aluva | 25003 |
| 21 | Ernakulam | GHSS Edappally | 26060 |

| | | | |
|---|---|---|---|
| 22 | Kothamangalam | Govt. Model HSS Cheruvattoor | 27035 |
| 23 | Muvattupuzha | Govt. East HS Muvattupuzha | 28006 |
| 24 | Thodupuzha | GVHSS Thodupuzha East | 29023 |
| 25 | Kattappana | GVHSS & TTI Munnar | 30001 |
| 26 | Pala | GHSS Pala | 31086 |
| 27 | Kanjirappally | CMS HS Mundakkayam | 32042 |
| 28 | Kottayam | CMS College HSS Kottayam | 33033 |
| 29 | Kaduthuruthy | GHS for Girls, Vaikom | 45009 |
| 30 | Cherthala | TDHS Thuravoor | 34028 |
| 31 | Alappuzha | Govt. Mohammadan's Boys HSS Alappuzha | 35007 |
| 32 | Mavelikkara | Govt. Boys HS Mavelikkara | 36025 |
| 33 | Thiruvalla | SCSHSS Thiruvalla | 37045 |
| 34 | Pathanamthitta | SH High School Mylapra Town, Pathanamthitta | 38051 |
| 35 | Kottarakkara | GHS for Girls Kottarakkara | 39018 |
| 36 | Punalur | GHSS Punalur | 40015 |
| 37 | Kollam | Krist Raj HSS Kollam | 41066 |
| 38 | Attingal | Govt. Girls HSS Attingal | 42008 |
| 39 | Thiruvananthapuram | GVHSS for Girls Manacaud | 43072 |
| 40 | Neyyattinkara | LMSHS Amaravila | 44070 |